6743
14/7/14

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഹീമോഫീലിയ രോഗബാധിതർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി - മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(എം.എസ്) നം. 58/2014/സാനീവ. തീയതി, തിരുവനന്തപുരം 04.07.2014.

===========================================================================

പരാമർശം : 1. സ.ഉ.(എം.എസ്) നം. 17/2014/സാനീവ, തീയതി 01.03.2014.
2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 710/പി3/14/കെ.എസ്.എസ്.എം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഹീമോഫീലിയ രോഗബാധിതർക്ക് 2014-15 സാമ്പത്തിക വർഷം മുതൽ പ്രതിമാസം 1000/- (ആയിരം) രൂപ നിരക്കിൽ പെൻഷൻ നൽകുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഹീമോഫലിയയും അനുബന്ധരോഗങ്ങളും ജനിതക രോഗങ്ങളുടെ ഗണത്തിൽ പെടുന്നു. രക്തം കട്ടപിടിക്കാൻ അത്യാവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ 8,9,11,13 എന്നിവയുടെ കുറവുകൊണ്ടുണ്ടാകുന്ന ഈ രോഗം പുരുഷന്മാരിലാണ് അധികവും കണ്ടു വരുന്നത്. ഇത്തരം രോഗികളിൽ പ്രത്യേക കാരണമില്ലാതെ തന്നെ സന്ധികളിൽ രക്തസ്രാവം ഉണ്ടാകുന്നു. ശരീരത്തിൽ മുറിവുണ്ടാകുമ്പോഴും, ശസ്ത്രക്രിയ നടത്തുമ്പോഴും ഇത്തരം രോഗികളിൽ രക്തം കട്ടപിടിക്കാൻ ബുദ്ധിമുട്ടാണ്. അസ്ഥികളിൽ സ്വമേധയ ഉണ്ടാകുന്ന രക്തസ്രാവം മൂലം ഈ രോഗികൾക്ക് പലപ്പോഴും ആർജിതവൈകല്യം ഉണ്ടാകാറുണ്ട്. സംസ്ഥാനത്ത് 1500 പേർ ഹീമോഫീലിയ ബാധിതരായി ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത്തരം രോഗികൾ പലപ്പോഴും ആശുപത്രിയിൽ കഴിയേണ്ടിവരുന്നതിനാൽ ജോലി ചെയ്ത് ഉപജീവനം നടത്താനോ, വിദ്യാഭ്യാസം ചെയ്യുന്നതിനോ സാധിക്കുന്നില്ല. അതിനാൽ ഇവർ കടുത്ത സാമ്പത്തിക- മാനസിക വ്യഥ അനുഭവിക്കുന്നവരാണ്. ഇവർക്ക് ചെറിയൊരു ആശ്വാസം എന്ന നിലയിൽ പ്രതിമാസ ധനസഹായം നൽകുക എന്ന ഉദ്ദേശത്തോടുകൂടി ആരംഭിച്ച പദ്ധതിയ്ക്ക് സമാശ്വാസം പദ്ധതിയുടെ ഉപവിഭാഗമായി പരിഗണിച്ച് അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ഷാജഹാൻ**
സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ധനകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധികരണത്തിന്)
വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

## മാർഗ്ഗനിർദ്ദേശങ്ങൾ

1. ഈ പദ്ധതി സാമൂഹ്യനീതി വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.
2. രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങളുടെ കുറവ് മൂലം ഉണ്ടാകുന്ന ഹീമോഫീലിയയും അനുബന്ധരോഗാവസ്ഥയും ഉള്ളവർ മാത്രമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.
3. പ്രതിമാസം 1000/- രൂപയാണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുക.
4. APL/BPL വ്യത്യാസമില്ലാതെ ഹീമോഫിലിയ ബാധിച്ചിട്ടുള്ള എല്ലാ ആളുകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.
5. സർക്കാരിന്റെ ക്ഷേമപെൻഷനുകളോ മറ്റു ധനസഹായങ്ങളോ ലഭിക്കുന്നവർക്കും ഈ പ്രത്യേക പ്രതിമാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
6. ഹീമോഫീലിയയോ അനുബന്ധ രോഗങ്ങളോ ബാധിച്ചയാളാണെന്ന് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ മെഡിസിൻ/പീഡിയാട്രിക്സ്/ഹെമറ്റോളജി വിഭാഗത്തിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം. വകുപ്പ് തലവനോ/ സ്ഥാപന സൂപ്രണ്ടോ മെഡിക്കൽ സർട്ടിഫിക്കറ്റിൽ counter sign ചെയ്തിരിക്കേണ്ടതാണ്.
7. അർഹതയുള്ള ഗുണഭോക്താക്കൾക്ക് അവരുടെ പേരിലോ 15 വയസ്സിനു താഴെയുള്ള കുട്ടികളാണെങ്കിൽ കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിലുള്ള joint account ലേക്ക് കോർബാങ്കിംഗ്/RTGS വഴി പദ്ധതി ആനുകൂല്യം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുന്നതാണ്.
8. എല്ലാ വർഷവും ജനുവരി/ജൂൺ മാസങ്ങളിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. പദ്ധതി, മേൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്നതാണ്.